പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4209 — 25.06.2014 -ലെ മറുപടിക്ക്

## എ.പി.എൽ വിഭാഗത്തിലുള്ളവർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ: | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
|---|---|
| (എ) എ.പി.എൽ വിഭാഗത്തിൽപ്പെട്ടവരും നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരുമായവർക്ക് പുതുതായി പേര് ചേർക്കുന്നതിനും കാർഡ് ലഭിക്കുന്നതിനും അവസരം ലഭിക്കുമോ; വിശദാംശം വ്യക്തമാക്കാമോ ; | (എ) സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള വിഭാഗങ്ങളിൽപ്പെട്ട അർഹരായ എ.പി.എൽ കുടുംബങ്ങൾക്ക് നിലവിൽ കാർഡ് ലഭിച്ചിട്ടില്ലെങ്കിൽ 2015-16 വർഷത്തേക്കുള്ള രജിസ്ട്രേഷൻ നടപടികളിൽ പങ്കെടുത്ത് പദ്ധതിയുടെ ഭാഗമാകുന്നതിന് അവസരം നല്കുന്നതാണ്. ഇതിനായുള്ള രജിസ്ട്രേഷൻ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടത്തുന്നതാണ്. രജിസ്ട്രേഷൻ വിവരം പത്ര മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്. |
| (ബി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അക്ഷയകേന്ദ്രങ്ങൾ വഴിയും ഓൺലൈനായി നേരിട്ടും പേര് രജിസ്റ്റർ ചെയ്ത് അംഗമാകാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ? | (ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്ട്രേഷനായി അനുവദിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ അക്ഷയ കേന്ദ്രങ്ങൾ അല്ലെങ്കിൽ കുടുംബശ്രീ കേന്ദ്രങ്ങൾ മുഖാന്തിരം മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇവിടെ ലഭിക്കുന്ന അപേക്ഷകൾ ചിയാകിന്റെ ഓൺലൈൻ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി അപേക്ഷകന് ഉടൻ രസീത് നല്കുന്നതാണ്. ഇത്തരത്തിൽ ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി അയച്ച് തിരികെ ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് തല കേന്ദ്രങ്ങളിൽ വച്ച് ഫോട്ടോ എടുത്ത് സ്മാർട്ട് കാർഡ് നല്കുന്നതാണ്. ഇത്തരത്തിൽ ഫോട്ടോ എടുക്കുന്ന സമയം രജിസ്ട്രേഷൻ സമയത്ത് ലഭിച്ച രസീത് ഹാജരാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ